# മന്ത്രം, ജോത്സ്യം
# മന്ത്രവാദം, ശകുനം നോക്കൽ

[ Malayalam - മലയാളം - مليالم ]

﴿ الرقي، الكهانة، السحر و الطيرة ﴾


തയ്യാറാക്കിയത്:

**അബ്ദുല്ലത്തീഫ് സുല്ലമി**

إعداد : عبدالطيف سلّمي



കോപറേറ്റീവ് ഓഫീസ് ഫോർ കാൾ & ഗൈഡൻസ്
റബ്വ – റിയാദ് – സൗദി അറേബ്യ

المكتب التعاوني للدعوة وتوعية الجاليات بالربوة بمدينة الرياض

المملكة العربية السعودية

islamhouse.com
1431 – 2010

بسم الله الرحمن الرحيم

## الرقى മന്ത്രം

പരിശുദ്ധ ഖുർആനിലും തിരുസുന്നത്തിലും വന്ന പ്രാർത്ഥനകൾ ചൊല്ലി അല്ലാഹുവിൽ പ്രതീക്ഷയർപ്പിച്ച് രോഗശമനവും മററും കാംക്ഷിക്കലാണ് മന്ത്രം. അത് നിർവ്വഹിക്കുന്നത് ഓരോ വിഷയത്തിനും നിശ്ചയിക്കപ്പെട്ട കാരണങ്ങൾ പ്രവർത്തിക്കു ന്നതോടൊപ്പമായിരിക്കണം. കാരണം നബി(ﷺ) പറഞ്ഞു:

لِكُلِّ دَاءٍ دَوَاءٌ فَإِذَا أُصِيبَ دَوَاءُ الدَّاءِ بَرِئَ بِإِذْنِ اللهِ تَعَالَى (مسلم، أحمد صحيح الجامع للألباني: **5163**)

''എല്ലാ രോഗത്തിനും മരുന്നുണ്ട്. രോഗത്തിനുള്ള മരുന്ന് എത്തിക്കഴിഞ്ഞാൽ അല്ലാഹുവിൻെറ അനുമതിയാൽ ശമനം ലഭിക്കുന്നതാണ്'' (മുസ്ലിം,അഹ്മദ്.അൽബാനിയുടെ സ്വഹീഹുൽ ജാമിഅ് നമ്പർ:5163)

രോഗിയെ സന്ദർശിക്കുന്നവരോട് രോഗിക്ക് വേണ്ടി താഴെ പറയുന്ന പ്രാർത്ഥനകൊണ്ട് മന്ത്രിക്കുവാനും നബി(ﷺ)നിർദ്ദേശിച്ചിട്ടുണ്ട്:

اللهُمَّ ربَّ النَّاسِ أَذْهِبِ الْبَأْسَ وَاشْفِ أَنْتَ الشَّافِي لاَ شِفَاءَ إلاَّ شِفَاؤُكَ شِفَاءً لاَ يُغَادِرُ سَقَمًا (صحيح البخاري)

''ജനങ്ങളുടെ രക്ഷകനായ അല്ലാഹുവേ, (ഇദ്ദേഹത്തിൻെറ) പ്രയാസങ്ങൾ നീക്കി നീ ശമനം നൽകേണമേ. നീയാണല്ലൊ ശമനം നൽശുന്നവൻ, നിൻെറ ശമനമല്ലാതെ യാതൊരു ശമനവുമില്ല. ഒരു രോഗത്തെയും ബാക്കിവിടാത്ത നിലക്ക് നീ ശമനം നൽകേണമേ'' (സ്വഹീഹുൽ ബുഖാരി)

എന്നാൽ രോഗശമനത്തിനായി വെള്ളത്തിലും മററും മന്ത്രിച്ച് കുടിപ്പിക്കുന്നതിനോ നൂലിൽ മന്ത്രിച്ച് ശരീരഭാഗങ്ങളിൽ കെട്ടുന്നതിനോ, ഉറുക്ക്, ഐക്കല്ല് എന്നിവ രോഗശമനത്തിനും ആഗ്രഹപൂർത്തീ

കരണത്തിനും മററുമായി ആശ്രയിക്കുന്നതിനോ സ്വഹീഹായ ഹദീസിൻെറ പിൻബലമില്ല.

അത്തരം ചികിൽസാ രീതി നബിചര്യക്ക് വിരുദ്ധവുമാണ്.

مَنْ عَلَّقَ تَمِيمَةً فَقَدْ أَشْرَكَ (أحمد، حاكم صحيح الجامع للألباني رقم : **6394**)

''ആരെങ്കിലും ഉറുക്ക് കെട്ടിയാൽ അവൻ ശിർക്ക് ചെയ്തു'' (അഹ്മദ്, ഹാകിം. അൽബാനിയുടെ സ്വഹീഹുൽ ജാമിഅ് നമ്പർ: 6394)

സ്വഹാബിയായ ഹുദൈഫ(ﷺ) ഒരു രോഗിയുടെ കയ്യിന്മേൽ ഒരു നൂല് കെട്ടിക്കാണുകയും എന്താണെന്ന് ചോദിച്ചപ്പോൾ മന്ത്രിച്ച നൂലാണെന്ന് പറഞ്ഞു. അദ്ദേഹം ഉടനെ അത് അഴിച്ച്കളഞ്ഞ് 'മനുഷ്യരിൽ അധിക പേരും ശിർക്ക് ചെയ്തുകൊണ്ടല്ലാതെ അല്ലാഹുവിൽ വിശ്വസിക്കുന്നില്ല. (യൂസുഫ്: 106) എന്ന ആയത്ത് ഓതുകയും ചെയ്തു.' (അബൂഹാതിം). ഇബ്നു മസ്ഊദ്(ﷺ) ഒരിക്കൽ തൻെറ ഭാര്യയുടെ കഴുത്തിൽ മന്ത്രിച്ചുകെട്ടിയ നൂല് കണ്ടപ്പോൾ അത് പൊട്ടിച്ചുകളഞ്ഞ്; പറഞ്ഞത്: 'ഇബ്നു മസ്ഊദിൻെറ കുടുംബത്തിന് ശിർക്കിൻെറ ആവശ്യമില്ല' (ഹാകിം) എന്നാണ്. മേൽ പറഞ്ഞ രണ്ട് സംഭവങ്ങളും ഈ വിഷയത്തിൻെറ ഗൗരവവും സ്വഹാബികളുടെ ഇക്കാര്യത്തിലെ സൂക്ഷ്മതയുമാണ് നമുക്ക് മനസ്സിലാക്കിത്തരുന്നത്.

## സിഹ്റ് (മന്ത്രവാദം) السحر

സിഹ്റ്, മാരണം, ആഭിചാരം എന്നിവ മനുഷ്യനെ കുഫ്റിലേക്ക് (അവിശ്വാസത്തിലേക്ക്) എത്തിക്കുന്നതാണ് സിഹ്റ്, പ്രവാചകൻ(ﷺ) സബ്ഉൽ മൂബിഖാത്തിൽ (ഏഴുമഹാപാപങ്ങളിൽ) എണ്ണിയ വിഷയമാണ്. അതാകട്ടെ മനുഷ്യന്ന് ഉപദ്രവമുണ്ടാക്കുമെന്നല്ലാതെ ഒട്ടും ഉപകാരമുണ്ടാക്കുന്നതല്ല.

എന്നാൽ ചിലയാളുകൾ ഇന്ന്, സിഹ്റ് ബാധിച്ചത് ഒഴിപ്പിക്കാനാണ് എന്ന നിലയിലും ജോൽസ്യന്മാരേയും മന്ത്രവാദികളേയും സമീപിച്ച് ഹറാമുകൾ പ്രവർത്തിച്ചു വരുന്നുണ്ട്! പക്ഷേ, അത്തരം ഘട്ടങ്ങളിൽ സൂറത്തുൽ മുഅവ്വിദത്തൈനി (ഖുൽഅഊദു ബിറബ്ബിൽ ഫലഖ്, ഖുൽഅഊദു ബിറബ്ബിന്നാസ്) പോലുള്ള അല്ലാഹുവിൻെറ വചനങ്ങ

ൾ മുഖേന അല്ലാഹുവിൽ ശരണം തേടുകയും, ജീവിതം അല്ലാഹുവിൽ തവക്കുലാക്കുകയുമാണ് വേണ്ടത്.

നബി(ﷺ)പറയുന്നത് ശ്രദ്ധിക്കുക:

وَاعْلَمْ أَنَّ الأُمَّةَ لَوِ اجْتَمَعَتْ عَلَى أَنْ يَنْفَعُوكَ بِشَيْءٍ لَمْ يَنْفَعُوكَ بِشَيْءٍ إِلاَّ قَدْ كَتَبَهُ اللهُ لَكَ، وَلَوْ اجْتَمَعُوا عَلَى أَنْ يَضُرُّوكَ بِشَيْءٍ لَمْ يَضُرُّوكَ إِلاَّ بِشَيْءٍ قَدْ كَتَبَهُ اللهُ عَلَيْكَ (الترمذي صحيح الجامع للألباني : **7957**)

''നീ മനസ്സിലാക്കുക, സമൂഹം മുഴുവനും നിനക്ക് ഒരു ഉപകാരം ചെയ്തു തരാൻ ഒരുമിച്ചുകൂടിയാലും അല്ലാഹു നിനക്കു തീരുമാനിച്ചു രേഖപ്പെടുത്തിയതല്ലാതെ നിനക്കു പ്രയോജനപ്പെടുന്നതല്ല, (അതുപോലെ) അവർ നിനക്കൊരു ഉപദ്രവം വരുത്താൻ ഒരുമിച്ചു ശ്രമിച്ചാലും അല്ലാഹു നിനക്കു രേഖപ്പെടുത്തിയതല്ലാതെ നിനക്ക് ഏൽക്കുന്നതുമല്ല.'' (തുർമുദി. അൽബാനിയുടെ സ്വഹീഹുൽ ജാമിഅ് നമ്പർ: 7957)

## ജോൽസ്യവും കണക്കുനോട്ടവും الكهانة والعرافة

ജോൽസ്യൻേറയും മറഞ്ഞകാര്യങ്ങൾ പറയുമെന്ന് വാദിക്കുന്നവരുടേയും അവസ്ഥയും മേൽ പറയപ്പെട്ടതു തന്നെയാണ്. അവരും അല്ലാഹുവിൽ വിശ്വസിക്കാത്ത കാഫിറുകൾ തന്നെയാണ്, അവർ ഏതു പേരിലറിയപ്പെട്ടാലും ശരി !?.

യഥാർത്ഥത്തിൽ ഗൈബ് (അദൃശ്യം) അല്ലാഹുവിന്നല്ലാതെ മററാർക്കും അറിയുകയില്ല എന്നത് നാം മനസ്സിലാക്കിയിട്ടുള്ള വിഷയമാണ്. ചിലപ്പോൾ അവർ പറയുന്നതിൽ ഏതെങ്കിലും കാര്യം സത്യവുമായി യോജിച്ചുവന്നേക്കാം എന്നാൽ അത് പിശാച് മനുഷ്യനെ കുഫ്റിലേക്ക് എത്തിക്കുവാൻ ഒപ്പിക്കുന്നതായേക്കും. ഒരു വിഷയത്തിൽ നമുക്ക് ഗുണം കിട്ടുന്നുവെങ്കിൽ ചെയ്യുക ഇല്ലെങ്കിൽ ചെയ്യാതിരിക്കുക എന്ന രീതി മുസ്ലിമിന് യോജിച്ചതല്ല. അല്ലാഹു അനുവദിച്ചതാണെങ്കിൽ ചെയ്യുക വിരോധിച്ചത് വർജ്ജിക്കുക എന്ന അവസ്ഥയിലെത്തുമ്പോഴേ ഒരാൾ യഥാർത്ഥ മുസ്ലിമാവുകയുള്ളൂ.

മറഞ്ഞകാര്യങ്ങൾ അറിയാനും കാണാതെപോയ കാര്യങ്ങൾ തേടിപ്പിടിക്കാനും, ജോൽസ്യരേയും മന്ത്രവാദികളേയും മററും സമീപിക്കുകയും അവർ പറയുന്നത് വിശ്വസിക്കുകയും ചെയ്യുന്നത് കുഫ്

റ് (ദൈവ നിഷേധം) ആണെന്നാണ് പ്രവാചകൻ(ﷺ) വ്യക്തമാക്കിയി ട്ടുള്ളത്.

مَنْ أَتَى كَاهِناً أَوْ عَرَّافاً فَصَدَّقَهُ بِماَ يَقُولُ فَقَدْ كَفَرَ بِماَ أُنْزِلَ عَلَى مُحَمَّدٍ ﷺ (أحمد، صحيح الجامع للألباني : **5939**)

''വല്ലവനും ജോൽസ്യനേയോ കണക്കു നോട്ടക്കാരനേയോ സമീപി ക്കുകയും അവർ പറയുന്നത് വിശ്വസിക്കുകയും ചെയ്താൽ തീർച്ച യായും അവൻ മുഹമ്മദ് നബി(ﷺ)ക്ക് ഇറക്കപ്പെട്ടതിൽ അവിശ്വസിച്ചു (കാഫിറായി) കഴിഞ്ഞു.'' (അഹമ്മദ് അൽബാനിയുടെ സ്വഹീഹുൽ ജാമിഅ് നമ്പർ: 5939)

ഇനി അവർക്ക് അദൃശ്യമറിയും എന്ന വിശ്വാസമില്ലാതെയാണ് പോകുന്നത്; എങ്കിൽ പോലും അത് ഗുരുതരമായ തെററ് തന്നെയാ ണ്. നബി(ﷺ) പറയുന്നു:

مَنْ أَتَى عَرَّافاً فَسَأَلَهُ عَنْ شَيْءٍ لَمْ تُقْبَلْ لَهُ صَلاَةُ أَرْبَعِينَ لَيْلَةً (مسلم)

''വല്ലവനും ജോൽസ്യനെ സമീപിച്ച് അവനോട് വല്ലകാര്യത്തെ സം ബന്ധിച്ചും ചോദിച്ചാൽ നാൽപ്പത് രാത്രികളിലെ (ദിവസത്തെ) അവ ൻെറ നമസ്കാരം സ്വീകരിക്കപ്പെടുന്നതല്ല''. (മുസ്ലിം).

## ശകുനം നോക്കലും കാലത്തെ ശപിക്കലും الطيرة وسبّ الدهر

الطِّيَرَةُ شِرْكٌ ( أحمد، حاكم، صحيح الجامع للألباني : **3960**)

''ശകുനം നോക്കൽ ശിർക്കാണ്'' (അഹ്മദ്, ഹാകിം. സ്വഹീഹുൽ ജാ മിഅ് നമ്പർ: 6394)

لاَ تَسُبُّوا الدَّهْرَ فَإِنَّ اللهَ هُوَ الدَّهْرُ (مسلم , صحيح الجامع للألباني : **7313**)

''നിങ്ങൾ കാലത്തെ ശപിക്കരുത് നിശ്ചയം അല്ലാഹുവാണ് കാലം'' (മുസ്ലിം)

وَصَلَّى اللهُ وَسَلَّم عَلَى نَبِيِّنَا مُحَمَّدٍ وَعَلَى آلِهِ وَصَحْبِهِ أَجْمَعِين .

*********